# കേരളസർക്കാർ
## പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം– 695001**

**<u>പി.ജി നഴ്സിംഗ് (എം.എസ്.സി നഴ്സിംഗ്) കോഴ്സിലേക്കുള്ള</u>**
**<u>കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷ-2022</u>**
**<u>വിദ്യാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ</u>**

- പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുത്തിട്ടുള്ള അഡ്മിറ്റ് കാർഡിൽ സൂചിപ്പിച്ചിരിക്കുന്ന സമയത്ത് അഡ്മിറ്റ് കാർഡുമായി പരീക്ഷാ ദിവസം വിദ്യാർത്ഥികൾ പരീക്ഷാ കേന്ദ്രത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.
- റിപ്പോർട്ടിംഗ് അവസാനിച്ച ശേഷം, ഹാളിൽ പ്രവേശിച്ച് നിർദ്ദിഷ്ട കമ്പ്യൂട്ടറിൽ ലോഗിൻ ചെയ്തു കഴിഞ്ഞാൽ, കമ്പ്യൂട്ടർ അധിഷ്ഠിത പരീക്ഷാ രീതി പരിചയപ്പെടുന്ന പൊതു നിർദ്ദേശങ്ങൾ കമ്പ്യൂട്ടർ സ്ക്രീനിൽ ദൃശ്യമാകുന്നു, തുടർന്ന് ഹ്രസ്വമായ ഒരു **Mock Test** ലൂടെ ഉത്തരങ്ങൾ രേഖപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട ക്രിയകളും രീതികളും പ്രായോഗികമായി മനസ്സിലാക്കുവാൻ അവസരം ലഭിക്കുന്നു.
- തുടർന്ന് കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷ നടക്കും.
- പി.ജി നഴ്സിംഗ് കോഴ്സ് പ്രവേശനത്തിനുള്ള കമ്പ്യൂട്ടർ അധിഷ്ഠിത പരീക്ഷാ രണ്ട് മണിക്കൂർ ദൈർഘ്യമുള്ളതും 200 മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങളും ഉണ്ടാകും.
- കമ്പ്യൂട്ടറിൽ ലോഗിൻ ചെയ്യുന്നതിനായി റിപ്പോർട്ടിംഗ് പോയിന്റിൽ നിന്നും വിതരണം ചെയ്യുന്ന 'Access card' ൽ വിദ്യാർത്ഥികളുടെ സീറ്റ് നമ്പർ, യൂസർ നെയിം, പാസ്‌വേഡ് എന്നിവ അടങ്ങിയിരിക്കും.
- പരീക്ഷയ്ക്കെത്തുന്ന വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖ (ആധാർ/ വോട്ടർഐഡി/ഡ്രൈവിംഗ് ലൈസൻസ്/ പാൻകാർഡ് എന്നിവയിലേതെങ്കിലും) കൊണ്ടുവരേണ്ടതാണ്.
- കാൽക്കുലേറ്റർ, മൊബൈൽ ഫോൺ, സ്മാർട്ട് വാച്ച് തുടങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങൾ കൈവശം വയ്ക്കാൻ പാടില്ല. പരീക്ഷാ കേന്ദ്രത്തിൽ റിപ്പോർട്ട് ചെയ്തു കഴിഞ്ഞാൽ പ്രവേശന പരീക്ഷാ അവസാനിക്കുന്നതിന് മുമ്പ് വിദ്യാർത്ഥകളെ പുറത്തു പോകാൻ അനുവദിക്കുന്നതല്ല.
- രക്ഷിതാക്കൾ ഓൺലൈൻ പരീക്ഷ നടക്കുന്ന കെട്ടിടത്തിലേയ്ക്ക് പ്രവേശിക്കാൻ പാടുള്ളതല്ല.
- വിദ്യാർത്ഥികൾ ആവശ്യം വേണ്ട സാമഗ്രികൾ (പേന,പെൻസിൽ) എന്നിവ കൈയ്യിൽ കരുതേണ്ടതും അവ കൈമാറ്റം ചെയ്യാൻ പാടില്ലാത്തതുമാണ്.
- ഇൻവിജിലേറ്റർമാരുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.
- പരീക്ഷാ ഹാളിൽ പ്രവേശിക്കുന്ന വിദ്യാർത്ഥികൾ പരീക്ഷയ്ക്കായി അനുവദിച്ചിരിക്കുന്ന ഇരിപ്പടത്തിൽ മാത്രമേ ഇരിക്കാൻ പാടുള്ളൂ.

- വിദ്യാർത്ഥികൾ പരീക്ഷയ്ക്കായി അഡ്മിറ്റ് കാർഡിൽ സൂചിപ്പിച്ച റിപ്പോർട്ടിംഗ് സമയത്തു തന്നെ കേന്ദ്രത്തിൽ ഹാജരാകേണ്ടതാണ്.

പരീക്ഷാ സംബന്ധമായ മാർഗ്ഗനിർദ്ദേശങ്ങൾ വെബ്സൈറ്റിലുള്ളത് ശ്രദ്ധിക്കുക.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

തിരുവനന്തപുരം
**20/09/2022**

**പ്രവേശന പരീക്ഷാ കമ്മീഷണർ**